<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2278</u> | <u>23.03.2012-ൽ മറുപടിയ്ക്ക്</u>

<u>35-ാമത് ദേശീയഗെയിംസിന്റെ ആലപ്പുഴയിലെ വേദികൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | 35-ാമത് ദേശീയ ഗെയിംസിന്റെ ഏതെല്ലാം ഇനങ്ങളാണ് ആലപ്പുഴ ജില്ലയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (എ) | കനോയിംഗ്, കയാക്കിംഗ്, റോയിംഗ്, വള്ളംകളി (പ്രദർശന ഇനം) എന്നിവ. |
| (ബി) | ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് ആലപ്പുഴ ജില്ലയിൽ നടത്തിയിട്ടുള്ളത്; | (ബി) | സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് ഇതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നത്. |
| (സി) | കേരള സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഈ നിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ? | (സി) | ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കുട്ടികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ. കായികസൗകര്യങ്ങളുടെ വികസനം എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കുക എന്നതാണ് കേരള സ്പോർട്സ് കമ്മീഷൻ വിഭാവനം ചെയ്ത സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ഇവയ്ക്കു പുറമെ പൊതുവായി കായിക ഉന്നമനം, കായിക ഇനങ്ങൾ, തുടങ്ങിയവയിൽ ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മികവ് ലഭിക്കുവാനുള്ള സഹായം, പ്രധാന കായിക ഇനങ്ങളിലുള്ള കോച്ചിംഗ്, സ്പെഷ്യൽ ട്രെയിനിംഗ്, വിവിധ ഓർഗനൈസേഷനുകൾ, അസോസിയേഷനുകൾ, കായിക പ്രതിഭകൾ തുടങ്ങിയവർക്കുള്ള കായിക ഉപകരണ വിതരണം, അടിസ്ഥാന സൗകര്യവികസനം, ഗവേഷണ പഠനം, അന്തർദ്ദേശീയ സഹകരണം ലഭ്യമാക്കൽ, അവശ സാഹചര്യങ്ങളിൽ കഴിയുന്ന കായിക പ്രതിഭകൾക്ക് പെൻഷൻ, കളികൾക്കിടയ്ക്കോ, പരിശീലനത്തിനിടയ്ക്കോ പരിക്കു സംഭവിച്ച കായിക പ്രതിഭകൾക്ക് സഹായം, കഴിവുറ്റ കായിക പ്രതിഭകൾക്കുള്ള ധനസഹായം, കുറഞ്ഞ നിരക്കിലോ പലിശ രഹിതമായോ ആയിട്ടുള്ള വായ്പ നൽകൽ തുടങ്ങിയവയും കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| (ഡി) | ആലപ്പുഴയിലെ രാജാകേശവദാസ് അന്താരാഷ്ട്രനീന്തൽക്കുളം മത്സരവേദിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | 35-ാമത് ദേശീയ ഗെയിംസിന്റെ നിശ്ചയിക്കപ്പെട്ടുകഴിഞ്ഞ വേദികളിൽ പ്രസ്തുത നീന്തൽകുളം ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ.